"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - അതിദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതി - ശ്രീമതി. ശ്രീജ രാജപ്പൻ, അറക്കൽ എന്ന വ്യക്തിക്ക് (ഇ പി ഐ പി ഐ ഡി 17056) അടിയന്തിര ചികിത്സാ സഹായം അനുവദിക്കുന്നതിന് അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഐ.എ) വകുപ്പ്**

സ.ഉ.(സാധാ) നം.1955/2024/LSGD തീയതി,തിരുവനന്തപുരം, 17-10-2024

---

പരാമർശം:-
1. 16/07/2021-ലെ സ.ഉ.(കൈ ) നം.145,/2021/തസ്വഭവ
2. 25/09/2021-ലെ സ.ഉ.(കൈ ) നം.1857/2021/തസ്വഭവ
3. 19/04/2022-ലെ സ.ഉ.(കൈ ) നം.84/2022/തസ്വഭവ
4. 19/04/2022-ലെ സ.ഉ.(കൈ ) നം.86/2022/തസ്വഭവ
5. 28/05/2022-ലെ സ.ഉ.(കൈ ) നം.115/2022/തസ്വഭവ
6. 08/07/2022-ലെ സ.ഉ.(കൈ ) നം.146/2022/തസ്വഭവ
7. 19/09/2023-ലെ സ.ഉ.(സാധാ) നം.1847/2023/തസ്വഭവ
8. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 18/09/2024-ലെ LSGD/PD/12138/2024-EPEP1 നമ്പർ കത്ത്.

**ഉത്തരവ്**

സംസ്ഥാനത്ത് അതിദാരിദ്ര്യം അഞ്ചു വർഷത്തിനകം നിർമാർജ്ജനം ചെയ്യുന്നത് ലക്ഷ്യമാക്കി അതിദാരിദ്ര്യം അനുഭവിക്കുന്ന കുടുംബങ്ങളെ കണ്ടെത്തുന്നതിന് പരാമർശം 1 - 5 വരെ ഉത്തരവുകൾ പ്രകാരം സംസ്ഥാനവ്യാപകമായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ തലത്തിൽ നടത്തിയ അതിദാരിദ്ര്യ നിർണ്ണയ പ്രക്രിയ പൂർത്തീകരിക്കുകയും അതിദാരിദ്ര്യ നിർണ്ണയ പ്രക്രിയയിലൂടെ കണ്ടെത്തിയ കുടുംബങ്ങളെയും/വ്യക്തികളെയും അതിദാരിദ്ര്യാവസ്ഥയിൽ നിന്നും മോചിപ്പിക്കുന്നതിനുള്ള സൂക്ഷ്മതല പദ്ധതിയായ മൈക്രോ പ്ലാൻ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ പരാമർശം (6) പ്രകാരം സർക്കാർ അംഗീകരിക്കുകയുമുണ്ടായി .

2. അവകാശങ്ങൾക്ക് വേണ്ടി ശബ്ദം ഉയർത്താൻ പോലും ശേഷിയില്ലാതെ, പൊതുസമൂഹത്തിന്റെ ശ്രദ്ധയിൽപ്പെടാതെ അതിതീവ്ര ദാരിദ്ര്യം അനുഭവിക്കുന്നവരെയും കണ്ടെത്തി അഞ്ചു വർഷം കൊണ്ട് അവരുടെ അതിദാരിദ്ര്യം ഇല്ലാതാക്കുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ചതാണ് അതിദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതി. ഭക്ഷണം, ആരോഗ്യം, വാസസ്ഥലം, വരുമാനം എന്നീ ക്ലേശഘടകങ്ങളുടെ അടിസ്ഥാനത്തിലാണ് അതിദരിദ്ര കുടുംബങ്ങളെ കണ്ടെത്തിയിട്ടുള്ളത്. സംസ്ഥാനത്ത് 64006 കുടുംബങ്ങളിലായി 103099 വ്യക്തികളെ 1032 തദ്ദേശസ്ഥാപനങ്ങളിലായി ഈ പദ്ധതിയുടെ ഗുണഭോക്താക്കളായി

കണ്ടെത്തിയിട്ടുണ്ട്.

3. ആലപ്പുഴ ജില്ലയിലെ ചേർത്തല മുനിസിപ്പാലിറ്റിയിലെ അതിദാരിദ്ര്യ പട്ടികയിൽ ഉൾപ്പെട്ട ശ്രീമതി. ശ്രീജ രാജപ്പൻ, അറക്കൽ എന്ന വ്യക്തിക്ക് (ഇ പി ഐ പി ഐ ഡി 17056) ഉയർന്ന ചികിത്സ ധനസഹായം അനുവദിക്കുന്നതിനുള്ള ശുപാർശ പരാമർശം (8) പ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ ലഭ്യമാക്കിയിട്ടുണ്ട്. പ്രസ്തുത ഗുണഭോക്താവിന് രക്താർബുദത്തിനുള്ള ചികിത്സക്കായി നിലവിൽ മരുന്ന്, സർജറി എന്നിവയ്ക്കായി ഒരു വർഷക്കാലയളവിൽ 1 2 ലക്ഷം രൂപ നിലവിൽ സർക്കാർ മേഖലയിൽ ലഭ്യമായിട്ടുള്ള ചികിത്സാ സഹായങ്ങൾക്ക് ഉപരിയായി ആവശ്യമുള്ളതായി ജില്ലാ മെഡിക്കൽ ബോർഡ് ശിപാർശ ചെയ്തിട്ടുള്ളതായും തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

4. അതിദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതിക്കായി 2024-25 സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള 5 0 കോടി രൂപക്കുള്ള ഭരണാനുമതി ലഭ്യമാകാത്ത സാഹചര്യത്തിൽ, ടി വ്യക്തിയ്ക്ക് അടിയന്തിര ചികിത്സ നൽകേണ്ട സാഹചര്യം കണക്കിലെടുത്ത് കൊണ്ട് സർക്കാരിൽ നിന്നും ഫണ്ട് അനുവദിക്കുന്ന മുറക്ക് തിരികെ നല്കാമെന്ന വ്യവസ്ഥയിൽ ജില്ലാ മെഡിക്കൽ ബോർഡ് ശിപാർശ ചെയ്തിട്ടുള്ള 12 ലക്ഷം രൂപ ചേർത്തല മുനിസിപ്പാലിറ്റിയുടെ തനതു ഫണ്ടിൽ നിന്നും മുൻകൂറായി ചെലവഴിക്കുന്നതിനുള്ള അനുമതി ലഭ്യമാക്കണമെന്നും തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ അഭ്യർത്ഥിച്ചിട്ടുണ്ട്.

5. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അതിന്റെ അടിസ്ഥാനത്തിൽ ആലപ്പുഴ ജില്ലയിലെ ചേർത്തല മുനിസിപ്പാലിറ്റിയിലെ അതിദാരിദ്ര്യ പട്ടികയിൽ ഉൾപ്പെട്ട ശ്രീമതി. ശ്രീജ രാജപ്പൻ, അറക്കൽ എന്ന വ്യക്തിക്ക് (ഇ പി ഐ പി ഐ ഡി 17056) രക്താർബുദത്തിനുള്ള ചികിത്സക്കായി ജില്ലാ മെഡിക്കൽ ബോർഡ് ശിപാർശ ചെയ്തിട്ടുള്ള 12 ലക്ഷം രൂപ (രൂപ പന്ത്രണ്ട് ലക്ഷം മാത്രം) ചേർത്തല മുനിസിപ്പാലിറ്റിയുടെ തനത് ഫണ്ടിൽ നിന്നും ചെലവഴിക്കുന്നതിന് അനുമതി നല്കി ഉത്തരവാകുന്നു.

6. ചേർത്തല മുനിസിപ്പാലിറ്റിയുടെ തനത് ഫണ്ടിൽ നിന്ന് വിനിയോഗിക്കുന്ന തുക അതിദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതിക്കായി 2024-25 സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റിൽ "2515-00-102-25(P) " എന്ന ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള തുക അനുവദിക്കുന്ന മുറക്ക് തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ ടി മുനിസിപ്പാലിറ്റിക്ക് തിരികെ നല്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

MANOJ T

ജോയിന്റ് സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്

ട്രഷറി ഡയറക്ടർ, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) കേരള, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (ഇ&ആർ.എസ്.എ/ജി&എസ്.എസ്.എ) കേരള, തിരുവനന്തപുരം

ഡയറക്ടർ, സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
സെക്രട്ടറി, ചേർത്തല മുനിസിപ്പാലിറ്റി
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
കരുതൽ ഫയൽ/ ഓഫീസ് കോപ്പി (ഐ.എ.1/288/2024-തസ്വഭവ)

ഉത്തരവിൻ പ്രകാരം

Signed by
Vijitha M B
Date: 17-10-2024 11:03:53

സെക്ഷൻ ഓഫീസർ